## മധുരമായ കുട്ടികളേ – ഓർമ്മയിലൂടെയാണ് ഓർമ്മ ലഭിക്കുന്നത്, ഏത് കുട്ടികളാണോ സ്നേഹത്തോടെ ബാബയെ ഓർമ്മിക്കുന്നത് അവരുടെ ആകർഷണം ബാബയ്ക്കും അനുഭവപ്പെടും.

**ചോദ്യം:–** നിങ്ങളുടെ പരിപക്വ അവസ്ഥയുടെ അടയാളം എന്താണ്? ആ അവസ്ഥയെ പ്രാപ്തമാക്കുന്നതിനുള്ള പുരുഷാർത്ഥം എന്താണ്?
**ഉത്തരം:–** എപ്പോൾ നിങ്ങൾ കുട്ടികൾക്ക് പരിപക്വ അവസ്ഥയുണ്ടാകുന്നുവോ അപ്പോൾ നിങ്ങളുടെ മുഴുവൻ കർമ്മേന്ദ്രിയങ്ങളും ശീതളമായിരിക്കും. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരിയ്ക്കലും തലതിരിഞ്ഞ കർമ്മങ്ങൾ ചെയ്യില്ല. അവസ്ഥ അചഞ്ചലവും ദൃഢവുമായിരിക്കും. ഈ സമയത്തെ ദൃഢമായ അവസ്ഥയിലൂടെ 21 ജന്മങ്ങളിലേയ്ക്ക് കർമ്മേന്ദ്രിയങ്ങൾ നിയന്ത്രണത്തിലാകും. ഈ അവസ്ഥ പ്രാപ്തമാക്കുന്നതിനായി തന്റെ പരിശോധന നടത്തൂ, കുറിച്ചുവെക്കുന്നതിലൂടെ ശ്രദ്ധയുണ്ടാകും. യോഗബലത്തിലൂടെത്തന്നെ വേണം കർമ്മേന്ദ്രിയങ്ങളെ വശത്താക്കാൻ. യോഗം തന്നെയാണ് നിങ്ങളുടെ അവസ്ഥയെ പരിപക്വമാക്കി മാറ്റുക.

**ഓം ശാന്തി**. ഇതാണ് ഓർമ്മയുടെ യാത്ര. മുഴുവൻ കുട്ടികളും ഈ യാത്രയിലാണ്, കേവലം നിങ്ങൾ മാത്രം അടുത്താണ്. ആര് എവിടെയാണെങ്കിലും ശരി അച്ഛനെ ഓർമ്മിക്കുന്നുണ്ട്, അതിനാൽ അവരും സ്വതവേ അടുത്തെത്തുന്നു. എങ്ങനെയാണോ ചില നക്ഷത്രങ്ങൾ ചന്ദ്രന് മുന്നിൽ വളരെ അടുത്തായിരിക്കും, ചിലതിന് വളരെ അധികം തിളക്കമുണ്ടാകും. ചിലത് അടുത്തായിരിക്കും, ചിലത് ദൂരെയായിരിക്കും. നോക്കുമ്പോൾ കാണാൻ കഴിയും ഈ നക്ഷത്രം വളരെ തിളക്കമുള്ളതാണെന്ന്. ഇത് വളരെ അടുത്താണ്, ഇതാണെങ്കിൽ തിളങ്ങുന്നേയില്ല. നിങ്ങളുടേയും പാട്ടുണ്ട്. നിങ്ങളാണ് ജ്ഞാനത്തിന്റേയും യോഗത്തിന്റേയും നക്ഷത്രങ്ങൾ. കുട്ടികൾക്ക് ജ്ഞാനസൂര്യനെ ലഭിച്ചു. അച്ഛൻ കുട്ടികളെത്തന്നെയാണ് ഓർമ്മിക്കുന്നത്, ആരാണോ സർവ്വീസബിളായിട്ടുള്ളവർ. അച്ഛൻ സർവ്വശക്തിവാനാണ്. ആ അച്ഛനെത്തന്നെയാണ് ഓർമ്മിക്കേണ്ടത്, എങ്കിൽ ഓർമ്മയിലൂടെ ഓർമ്മ ലഭിക്കും. എവിടെയെല്ലാം ഇങ്ങനെയുള്ള സേവനയുക്തരായ കുട്ടികളുണ്ടോ അവരെ ജ്ഞാനസൂര്യനായ അച്ഛനും ഓർമ്മിക്കുന്നു. കുട്ടികളും ഓർമ്മിക്കുന്നുണ്ട്. ഏത് കുട്ടികളാണോ ഓർമ്മിക്കാത്തത് അവരെ ബാബയും ഓർമ്മിക്കില്ല. ബാബയുടെ ഓർമ്മ അവരുടെ അടുത്ത് എത്തില്ല. ഓർമ്മയിലൂടെ തീർച്ചയായും ഓർമ്മ ലഭിക്കും. കുട്ടികൾക്കും ഓർമ്മിക്കണം. കുട്ടികൾ ചോദിക്കുന്നു– ബാബാ, അങ്ങ് ഞങ്ങളെ ഓർമ്മിക്കുന്നുണ്ടോ? അച്ഛൻ പറയുന്നു എന്തുകൊണ്ടില്ല. ഈ രീതിയിൽ അച്ഛൻ എന്തുകൊണ്ട് ഓർമ്മിക്കില്ല? ആരാണോ കൂടുതൽ പവിത്രമായിരിക്കുന്നത് അച്ഛനെ വളരെ സ്നേഹിക്കുന്നത് അതിനനുസരിച്ച് ആകർഷിക്കുന്നു. എല്ലാവരും സ്വയത്തോട് ചോദിക്കൂ ഞാൻ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്? ഒരാളുടെ മാത്രം ഓർമ്മയിൽ ഇരിക്കുന്നതിലൂടെ ഈ പഴയ ലോകം മറന്നുപോകുന്നു. അച്ഛനെ മാത്രം ഓർമ്മിച്ച് ഓർമ്മിച്ച് ചെന്ന് കൂടിക്കാഴ്ച നടത്തുന്നു. ഇപ്പോൾ കണ്ടുമുട്ടേണ്ട സമയം വന്നിരിക്കുന്നു. ഡ്രാമയുടെ രഹസ്യവും അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട്. അച്ഛൻ വരുന്നു വന്നിട്ട് കുട്ടികളെ തന്റെ ആത്മീയ സന്താനങ്ങളാക്കി മാറ്റുന്നു. പതിതത്തിൽ നിന്നും എങ്ങനെ പാവനമായി മാറും– എന്നത് പഠിപ്പിക്കുന്നു. അച്ഛൻ ഒന്നേയുള്ളു അവരെത്തന്നെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. പക്ഷേ ഓരോരുത്തർക്കും തന്റെ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് ഓർമ്മ ലഭിക്കുന്നത്. എത്രത്തോളം കൂടുതൽ ഓർമ്മിക്കുന്നുവോ അവർക്ക് മുന്നിൽ നിൽക്കുന്നതുപോലെയാണ്. കർമ്മാതീത അവസ്ഥയും ഇങ്ങനെ ഉണ്ടാകണം. എത്ര ഓർമ്മിക്കുന്നുവോ അത്രയും കർമ്മേന്ദ്രിയങ്ങൾ ചഞ്ചലമാവുകയില്ല. കർമ്മേന്ദ്രിയങ്ങൾ വളരെ അധികം ചഞ്ചലമാകുന്നില്ലേ, ഇതിനെത്തന്നെയാണ് മായ എന്നു പറയുന്നത്. കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു മോശമായ കർമ്മവും ഉണ്ടാകരുത്. ഇവിടെ യോഗബലത്തിലൂടെ കർമ്മേന്ദ്രിയങ്ങളെ വശത്തിലാക്കണം. അവരാണെങ്കിൽ മരുന്നിലൂടെയാണ് വശത്താക്കുന്നത്. കുട്ടികൾ പറയുന്നു– ബാബാ, എന്തുകൊണ്ടാണ് ഇത് നിയന്ത്രിക്കാൻ കഴിയാത്തത്? അച്ഛൻ പറയുന്നു നിങ്ങൾ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും കർമ്മേന്ദ്രിയങ്ങളെ വശത്താക്കാൻ സാധിക്കും. ഇതിനെയാണ് പറയുന്നത് കർമ്മാതീത അവസ്ഥ. ഇത് ഓർമ്മയുടെ യാത്രയിലൂടെ മാത്രമാണ് ഉണ്ടാകുന്നത് അതിനാലാണ് ഭാരതത്തിലെ പ്രാചീന രാജയോഗത്തിന് അത്രയും മഹിമയുള്ളത്. അതും ഭഗവാനാണ് പഠിപ്പിക്കുന്നത്. ഭഗവാൻ പഠിപ്പിക്കുന്നത് തന്റെ മക്കളെയാണ്. നിങ്ങൾക്ക് ഈ വികാരീ കർമ്മേന്ദ്രിയങ്ങളുടെമേൽ യോഗബലത്തിലൂടെ വിജയം നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. അവസാന സമയത്ത് സമ്പൂർണ്ണമാകും. എപ്പോൾ പരിപക്വ അവസ്ഥയാകുന്നുവോ പിന്നീട് ഒരു കർമ്മേന്ദ്രിയവും ചഞ്ചലമാകില്ല. ഇപ്പോൾ ചഞ്ചലത അവസാനിക്കുന്നതിലൂടെ ഭാവിയിലെ 21 ജന്മങ്ങളിലേയ്ക്ക് ഒരു

കർമ്മേന്ദ്രിയവും ചതിക്കില്ല. 21 ജന്മങ്ങളിലേയ്ക്ക് കർമ്മേന്ദ്രിയങ്ങൾ വശപ്പെടും. ഏറ്റവും പ്രധാനം കാമമാണ്. ഓർമ്മിക്കുന്തോറും കർമ്മേന്ദ്രിയങ്ങൾ നിയന്ത്രണത്തിൽ വന്നുകൊണ്ടിരിക്കും. ഇപ്പോൾ കർമ്മേന്ദ്രിയങ്ങളെ വശപ്പെടുത്തുന്നതിനു പകരമായി അരകല്പത്തിലേയ്ക്ക് സമ്മാനം ലഭിക്കുന്നു. വശത്താക്കാൻ സാധിക്കുന്നില്ലെങ്കിൽ പിന്നീട് പാപം അവശേഷിക്കുന്നു. നിങ്ങളുടെ പാപം യോഗബലത്തിലൂടെ ഇല്ലാതാകും. നിങ്ങൾ പവിത്രമായിമാറും. ഇതാണ് നമ്പർവൺ വിഷയം. വിളിക്കുന്നതുതന്നെ പതിതത്തിൽ നിന്നും പാവനമായി മാറുന്നതിനായാണ്. അതിനാൽ അച്ഛൻ തന്നെയാണ് വന്ന് പാവനമാക്കി മാറ്റുന്നത്.

അച്ഛൻ തന്നെയാണ് ജ്ഞാനസാഗരൻ. അച്ഛൻ പറയുന്നു സ്വയം ആത്മാവാണെന്നു കരുതൂ, അച്ഛനെ ഓർമ്മിക്കൂ. ഇതാണ് ജ്ഞാനം. ഒന്ന് യോഗത്തിന്റെ അറിവാണ്, അടുത്തത് 84 ജന്മങ്ങളുടെ ചക്രത്തിന്റെ അറിവാണ്. രണ്ട് ജ്ഞാനമുണ്ട്. പിന്നീട് അതിൽ ദൈവീക ഗുണങ്ങൾ സ്വതവേ അടങ്ങിയിരിക്കുന്നു. കുട്ടികൾക്ക് അറിയാം നമ്മൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ് അതിനാൽ ദൈവീക ഗുണങ്ങൾ തീർച്ചയായും ധാരണ ചെയ്യണം. തന്റെ പരിശോധന നടത്തണം. കുറിച്ച് വെയ്ക്കുകയാണെങ്കിൽ തന്റെ മേൽ ശ്രദ്ധയുണ്ടാകും. തന്റെ പരിശോധന നടത്തുകയാണെങ്കിൽ ഒരു തെറ്റും സംഭവിക്കുകയില്ല. അച്ഛൻ സ്വയം പറയുന്നു– എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങൾ തന്നെയാണ് എന്നെ വിളിച്ചത് കാരണം നിങ്ങൾക്ക് അറിയാം അച്ഛൻ പതിത പാവനനാണ്, ബാബ എപ്പോഴാണോ വരുന്നത് അപ്പോഴാണ് ഈ നിർദേശം നൽകുന്നത്. ഇപ്പോൾ ഈ നിർദേശത്തെ പ്രാവർത്തികമാക്കേണ്ടത് ആത്മാക്കളാണ്. നിങ്ങൾ ഈ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുകയാണ്. അതിനാൽ ബാബയ്ക്കും ഈ ശരീരത്തിൽ വരേണ്ടി വരുന്നു. ഇത് വളരെ അതിശയകരമായ കാര്യമാണ്. ത്രിമൂർത്തിയുടെ ചിത്രം എത്ര വ്യക്തമാണ്. ബ്രഹ്മാവ് തപസ്യ ചെയ്താണ് ദേവതയായി മാറുന്നത്. പിന്നീട് 84 ജന്മങ്ങൾക്ക് ശേഷമാണ് ഇങ്ങനെയാകുന്നത്. ഇതും ബുദ്ധിയിൽ ഓർമ്മ വേണം നമ്മൾ ബ്രാഹ്മണർ തന്നെയായിരുന്നു ദേവത പിന്നീട് 84 ന്റെ ചക്രം കറങ്ങിവന്നു. ഇപ്പോൾ വീണ്ടും ദേവതയാക്കി മാറ്റാനായി വന്നിരിക്കുകയാണ്. എപ്പോൾ ദേവതകളുടെ പരമ്പര പൂർത്തിയാകുന്നുവോ അപ്പോൾ ഭക്തിമാർഗ്ഗത്തിലും അവരെ വളരെ സ്നേഹത്തോടുകൂടി ഓർമ്മിക്കുന്നു. ഇപ്പോൾ ആ അച്ഛൻ നിങ്ങൾക്ക് ഈ പദവി നേടുന്നതിനുള്ള യുക്തികൾ പറഞ്ഞുതരുന്നു. ഓർമ്മയും വളരെ സഹജമാണ്. കേവലം സ്വർണ്ണ പാത്രം ആവശ്യമാണ്. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും പോയിന്റ്സ് ലഭിച്ചുകൊണ്ടിരിക്കും. ജ്ഞാനവും വളരെ നന്നായി കേൾപ്പിക്കും. ബാബ തന്റെയുള്ളിൽ പ്രവേശിച്ച് മുരളി കേൾപ്പിക്കുകയാണ് എന്ന അനുഭവമുണ്ടാകും. ബാബയും വളരെ അധികം സഹായം നൽകുന്നുണ്ട്. മറ്റുള്ളവരുടെ മംഗളവും ചെയ്യണം. അതും ഡ്രാമയിൽ അടങ്ങിയതാണ്. ഒരു സെക്കന്റിന് അടുത്തതുമായി സാമ്യമുണ്ടാകില്ല. സമയം കടന്നുപോകും. ഇത്രയും വർഷം, ഇത്രയും മാസം എങ്ങനെയാണ് കഴിഞ്ഞുപോയത്. ആരംഭം മുതൽ സമയം കടന്നുപോകുന്നു. ഈ സെക്കന്റ് പിന്നീട് 5000 വർഷങ്ങൾക്കുശേഷം ആവർത്തിക്കും. ഇതും വളരെ നല്ലരീതിയിൽ മനസ്സിലാക്കണം ഒപ്പം അച്ഛനെ ഓർമ്മിക്കുകയും വേണം ഇതിലൂടെ വികർമ്മം വിനാശമാകും. മറ്റൊരു ഉപായവുമില്ല. ഇതുവരെ എന്തെല്ലാം ചെയ്തുവന്നോ അതെല്ലാം ഭക്തിയാണ്. ഭക്തിയുടെ ഫലം ഭഗവാൻ നൽകും എന്നു പറയാറുണ്ട്. എന്ത് ഫലമാണ് നൽകുന്നത്? എപ്പോൾ അതും എങ്ങനെ നൽകും? ഇതൊന്നും അറിയില്ല. അച്ഛൻ എപ്പോഴാണോ നൽകുന്നതിനായി വരുന്നത് അപ്പോൾ നൽകുന്നയാളും നേടുന്നവരും ഒരുമിച്ച് വരും. ഡ്രാമയുടെ പാർട്ട് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കും. മുഴുവൻ ഡ്രാമയിലും ഇതാണ് അന്തിമ ജീവിതം. ചിലർ ശരീരം വിടുകയും ചെയ്യും. മറ്റെന്തെങ്കിലും പാർട്ട് അഭിനയിക്കാനുണ്ടെങ്കിൽ ശരീരം എടുക്കുകയും ചെയ്യും. ആർക്കാണോ വളരെ അധികം കണക്ക് വഴക്കുള്ളത് അവർ ജന്മമെടുക്കുകയും ചെയ്യും. ആർക്കാണോ വളരെ അധികം പാപത്തിന്റെ കണക്കുള്ളത് അവർ അടിക്കടി ഒരു ജന്മമെടുത്ത് പിന്നെ രണ്ടാമത്, മൂന്നാമത് ജന്മമെടുത്ത് ശരീരം ഉപേക്ഷിച്ചുകൊണ്ടിരിക്കും. ഗർഭത്തിൽ പ്രവേശിച്ചു, ദുഃഖം അനുഭവിച്ചു, പിന്നീട് ശരീരം ഉപേക്ഷിച്ച് രണ്ടാമത് ഒന്നെടുത്തു. കാശി കൽവർട്ടിലും ഈ സാഹചര്യം ഉണ്ടായിരുന്നു. തലയിൽ പാപം ഒരുപാടുണ്ട്. യോഗബലവും ഇല്ല. കാശി കൽവർട്ടിൽ ചെന്ന് മരിക്കുക– ഇത് തന്റെ ശരീരത്തെ വധിക്കലാണ്. ആത്മാവും മനസ്സിലാക്കുന്നുണ്ട് ഇത് കൊലപാതകമാണെന്ന്. പറയുന്നുമുണ്ട്– ബാബാ, അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ അങ്ങയിൽ സമർപ്പണമാകും. ബാക്കി ഭക്തിമാർഗ്ഗത്തിൽ ബലി ചെയ്യുന്നു. അത് ഭക്തിയാണ്. ദാനം–പുണ്യം, തീർത്ഥാടനം മുതലായവ ചെയ്യുന്നതിലൂടെ ആരുമായാണ് കൊടുക്കൽ വാങ്ങൽ നടക്കുന്നത്? പാപാത്മാക്കളുമായി. രാവണ രാജ്യമല്ലേ. അച്ഛൻ പറയുന്നു വളരെ ശ്രദ്ധയോടുകൂടി കൊടുക്കൽ വാങ്ങൽ നടത്തൂ. ആരെങ്കിലും എവിടെയെങ്കിലും മോശമായ കർമ്മത്തിനായി ഉപയോഗിച്ചാൽ പാപം തന്റെ തലയിൽ കയറും. ദാന–പുണ്യങ്ങളും വളരെ ശ്രദ്ധയോടുകൂടി വേണം ചെയ്യാൻ. പാവങ്ങൾക്ക് അന്നവും വസ്ത്രവും ദാനം നൽകാറുണ്ട് അല്ലെങ്കിൽ ഇന്നു കാലത്ത് ധർമ്മശാലകൾ നിർമ്മിച്ച് നൽകുന്നു. ധനവാന്മാർക്കായി വലിയ വലിയ കൊട്ടാരങ്ങളുണ്ട്. പാവങ്ങൾക്കുള്ളത് കുടിലുകളാണ്. അഴുക്കുചാലിന്റെ വക്കിലായിരിക്കും അവർ വസിക്കുന്ന

ത്. ഇത്രയും അഴുക്കും കുപ്പയും നിറഞ്ഞ സ്ഥാനത്താണ് കൃഷി ചെയ്യുന്നത്, പിന്നീട് അത്രയും അഴുക്കു നിറഞ്ഞ വസ്തുക്കൾ വിൽക്കപ്പെടുന്നു. സത്യയുഗത്തിൽ ഇങ്ങനെയുള്ള അഴുക്ക് നിറഞ്ഞ സ്ഥലത്തായിരിക്കില്ല കൃഷി ചെയ്യുന്നത്. അവിടെ പുതിയ മണ്ണായിരിക്കും. അതിന്റെ പേരുതന്നെ സ്വർഗ്ഗം എന്നാണ്. പുഷ്യരാഗ ദേവത, മരതക ദേവത.. എന്ന് പേരും മഹിമയും പാടിയിട്ടുണ്ട്. രത്നങ്ങളല്ലേ. ആരെല്ലാം എത്രയെല്ലാം സേവനങ്ങളാണ് ചെയ്യുന്നത്. ചിലർ പറയുന്നു എനിക്ക് സേവനം ചെയ്യുവാൻ സാധിക്കില്ല. എല്ലാവരും ബാബയുടെ രത്നങ്ങൾ തന്നെയാണ് പക്ഷേ അതിലും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് പിന്നീട് പൂജിക്കപ്പെടുന്നത്. ദേവതകളുടെ പൂജയാണുണ്ടാകുന്നത്. ഭക്തി മാർഗ്ഗത്തിൽ അനേകം പൂജകൾ ഉണ്ടാകുന്നു. അതെല്ലാം ഡ്രാമയിൽ ഉള്ളതാണ്, ഇതു കാണുമ്പോൾ രസം തോന്നുന്നു. നമ്മൾ അഭിനേതാക്കളാണ്. ഈ സമയത്ത് നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നു. നിങ്ങൾ വളരെ സന്തുഷ്ടരാകുന്നു. അറിയാം ഭക്തിയുടേയും പാർട്ടുണ്ട്. ഭക്തിയിലും വളരെ സന്തോഷിക്കുന്നു. ഗുരു പറഞ്ഞു മാല കറക്കൂ. അതുമതി, ആ സന്തോഷത്തിൽ കറക്കിക്കൊണ്ടേയിരിക്കുന്നു. ഒന്നും മനസ്സിലാക്കുന്നേയില്ല.

ശിവൻ നിരാകാരനാണ്, ശിവന് എന്തിനാണ് പാലും ജലവും സമർപ്പിക്കുന്നത്? മൂർത്തികൾക്ക് പ്രസാദം സമർപ്പിക്കുന്നു, എന്താ അവർ അത് കഴിക്കുന്നുണ്ടോ. ഭക്തിയുടെ വിസ്താരം എത്ര വലുതാണ്. ഭക്തിയാണ് വൃക്ഷം ജ്ഞാനമാണ് ബീജം. രചയിതാവിനേയും രചനയേയും നിങ്ങൾ കുട്ടികളല്ലാതെ മറ്റാരും അറിയുന്നില്ല. ചില ചില കുട്ടികൾ തന്റെ അസ്ഥികൾ പോലും ഈ സേവനത്തിൽ സമർപ്പിക്കുന്നവരാണ്. ചിലർ നിങ്ങളോട് പറയും ഇതെല്ലാം നിങ്ങളുടെ സങ്കൽപ്പമാണ്. ഇത് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുകയാണ്. സങ്കൽപ്പം ആവർത്തിക്കുമോ. ഇത് ജ്ഞാനമാണ്. ഇത് പുതിയ ലോകത്തിലേയ്ക്കുള്ള പുതിയ ജ്ഞാനമാണ്. ഭഗവാന്റെ വാക്കുകളാണ്. ഭഗവാനും പുതിയതാണ്, ഭഗവാന്റെ മഹാവാക്യങ്ങളും പുതിയതാണ്. അവർ പറയുന്നു കൃഷ്ണ ഭഗവാന്റെ വാക്കുകളാണെന്ന്. നിങ്ങൾ പറയുന്നു ശിവഭഗവാന്റെ വാക്കുകളാണെന്ന്. ഓരോരുത്തർക്കും അവരവരുടേതായ കാര്യങ്ങളാണ്, ഒന്നിന് മറ്റൊന്നുമായി സാമ്യമില്ല. ഇതാണ് പഠിപ്പ്. സ്ക്കൂളിൽ പഠിക്കുകയാണ്. കല്പനയുടെ കാര്യമൊന്നുമില്ല. അച്ഛനാണ് ജ്ഞാനത്തിന്റെ സാഗരം, നോളേജ്ഫുൾ. എന്നാൽ ഋഷി– മുനിമാർപോലും പറയുന്നത് രചയിതാവിനേയും രചനയുടെ ജ്ഞാനത്തേയും ഞങ്ങൾക്ക് അറിയുകയില്ല എന്നാണ്. ആദി സനാതന ദേവീ ദേവതകൾക്ക് പോലും അത് അറിയുകയില്ലെങ്കിൽ പിന്നെ ഋഷി മുനിമാർക്ക് ഈ ജ്ഞാനം എവിടെ നിന്ന് ലഭിക്കാനാണ്! ആരാണോ അറിഞ്ഞത്, അവർ പദവി നേടി. വീണ്ടും സംഗമയുഗം വരുമ്പോൾ അച്ഛൻ വന്ന് മനസ്സിലാക്കിത്തരുന്നു. പുതിയ പുതിയ ഈ കാര്യങ്ങളിൽ ആശയക്കുഴപ്പത്തിലേയ്ക്ക് വരുന്നു. പറയുന്നു– മതി, നിങ്ങൾക്ക് ഇത്ര കുറച്ചേ സത്യമുള്ളു, ബാക്കി മുഴുവൻ നുണയാണ്. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും മാതാവും പിതാവുമായ സത്യമായ ഗീതയെത്തന്നെ ഖണ്ഡിച്ചിരിക്കുന്നു. ബാക്കിയെല്ലാം രചനകളാണ്. അവരിൽ നിന്ന് സമ്പത്ത് ലഭിക്കുകയില്ല. വേദ ശാസ്ത്രങ്ങളിൽ രചയിതാവിന്റേയും രചനയുടേയും ജ്ഞാനമുണ്ടാവുക സാദ്ധ്യമല്ല. ആദ്യം പറയൂ വേദങ്ങളിലൂടെ ഏത് ധർമ്മത്തിന്റെ സ്ഥാപനയാണുണ്ടായത്? ധർമ്മം പ്രധാനമായും 4 എണ്ണമാണ്, ഓരോ ധർമ്മത്തിനും ഒരോ ധർമ്മശാസ്ത്രം വീതമാണുള്ളത്. അച്ഛൻ ബ്രാഹ്മണ കുലത്തിന്റെ സ്ഥാപന ചെയ്യുന്നു. ബ്രാഹ്മണർ തന്നെയാണ് സൂര്യവംശീ ചന്ദ്രവംശീ കുലങ്ങളിൽ തന്റെ പദവി പ്രാപ്തമാക്കുന്നത്. അച്ഛൻ വന്ന് നിങ്ങൾക്ക് സന്മുഖത്തിരുന്ന് ഈ രഥത്തിലൂടെ മനസ്സിലാക്കിത്തരുകയാണ്. രഥം തീർച്ചയായും വേണം. ആത്മാവ് നിരാകാരനാണ്. ആത്മാവിന് സാകാരത്തിലുള്ള ശരീരം ലഭിക്കുന്നു. ആത്മാവ് എന്ത് വസ്തുവാണ് എന്നതുതന്നെ അറിയുന്നില്ലെങ്കിൽ പിന്നെങ്ങിനെ അച്ഛനെ അറിയും. ശരിയായത് അച്ഛനാണ് കേൾപ്പിക്കുന്നത്. ബാക്കിയുള്ളതെല്ലാം തെറ്റാണ്, അവയിലൂടെ ഒരു പ്രയോജനവുമില്ല. മാല കറക്കി ആരെയാണ് ഓർമ്മിക്കുന്നത്? ഒന്നും അറിയില്ല. അച്ഛനെപ്പോലും അറിയില്ല. അച്ഛൻ സ്വയം വന്ന് തന്റെ പരിചയം നൽകുന്നു. ജ്ഞാനത്തിലൂടെയാണ് സദ്ഗതി ഉണ്ടാകുന്നത്. അരകല്പം ജ്ഞാനമാണ്, അരകല്പം ഭക്തിയും. ഭക്തി ആരംഭിക്കുന്നത് രാവണരാജ്യം മുതലാണ്. ഭക്തിയിലൂടെ ഏണിപ്പടി ഇറങ്ങി ഇറങ്ങി തമോപ്രധാനമായി മാറുന്നു. ആരുടേയും കർത്തവ്യത്തെ അറിയുന്നില്ല. ഭഗവാനെ എത്ര പൂജിക്കുന്നു, പക്ഷേ ഒന്നും അറിയില്ല. അതിനാൽ അച്ഛൻ മനസ്സിലാക്കിത്തരുന്നു ഇത്രയും ഉയർന്ന പദവി പ്രാപ്തമാക്കുന്നതിനായി സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കണം. ഇതിലാണ് പരിശ്രമം. അഥവാ ആരുടെയെങ്കിലും ബുദ്ധി സ്ഥൂലമായ കാര്യങ്ങളെ അറിയുന്നുള്ളുവെങ്കിൽ സ്ഥൂലമായ ബുദ്ധിയോടെയായിരിക്കും ഓർമ്മിക്കുന്നത്. പക്ഷേ ഓർമ്മിക്കേണ്ടത് ഒരേ ഒരാളെത്തന്നെയാണ്. പാടുന്നുണ്ട് ബാബാ അങ്ങ് വരുകയാണെങ്കിൽ അങ്ങയുമായി ബുദ്ധിയോഗം വെക്കും. ഇപ്പോൾ അച്ഛനും വന്നുകഴിഞ്ഞു. നിങ്ങൾ എല്ലാവരും ആരെക്കാണാനാണ് വന്നിരിക്കുന്നത്? ആരാണോ പ്രാണൻ ദാനം നൽകുന്നത് അവരെക്കാണാൻ. ആത്മാവിനെ അമരലോകത്തിലേയ്ക്ക് കൊണ്ടുപോകുന്നു. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് കാലനുമേൽ വിജയം നേടിത്തരുന്നു, നിങ്ങളെ അമരലോകത്തിലേയ്ക്ക് കൊണ്ടുപോകുന്നു. അമരകഥ പാർവ്വ

തിയെ കേൾപ്പിച്ചതായി കാണിക്കുന്നുണ്ടല്ലോ. ഇപ്പോൾ അമരനാഥൻ ഒന്നേയുള്ളു. ഹിമാലയ പർവ്വതത്തിൽ ഇരുന്ന് കഥ കേൾപ്പിക്കില്ലല്ലോ. ഭക്തിമാർഗ്ഗത്തിലെ ഓരോ കാര്യവും അതിശയിപ്പിക്കുന്നതാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുര-മധുരമായ കുട്ടികൽക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) യോഗബലത്തിലൂടെ കർമ്മേന്ദ്രിയങ്ങളെ വിജയിച്ച് സമ്പൂർണ്ണ പവിത്രമായി മാറണം. ഈ അവസ്ഥയിലേയ്ക്ക് എത്തുന്നതിനായി തന്റെ പരിശോധന നടത്തിക്കൊണ്ടിരിക്കണം.

2) സദാ ബുദ്ധിയിൽ ഓർമ്മവെയ്ക്കണം നമ്മൾ ബ്രാഹ്മണർ തന്നെയായിരുന്നു ദേവത, ഇപ്പോൾ വീണ്ടും ദേവതയാകുന്നതിനുവേണ്ടി വന്നിരിക്കുകയാണ് അതിനാൽ വളരെ ശ്രദ്ധയോടുകൂടി പാപത്തേയും പുണ്യത്തേയും മനസ്സിലാക്കി കൊടുക്കൽ വാങ്ങൽ നടത്തണം.

## വരദാനം:- സർവ്വ സത്തകളേയും സഹയോഗിയാക്കി പ്രത്യക്ഷതയുടെ തിരിശീല നീക്കുന്ന സത്യമായ സേവാധാരിയായി ഭവിക്കൂ

പ്രത്യക്ഷതയുടെ തിരശ്ശീല അപ്പോൾ തുറക്കും എപ്പോഴാണോ എല്ലാ സത്തയിലുൾപ്പെട്ടവരും ഒരുമിച്ചു പറയുന്നത് ശ്രേഷ്ഠമായ സത്ത - ഈശ്വരീയ സത്ത, ആദ്ധ്യാത്മീക സത്തയാണ് ഇതാണ് ഒരു പരമാത്മാവിന്റെ സത്ത. എല്ലാവരും ഒരു വേദിയിൽ ഒരുമിച്ച് ഇങ്ങനെ സ്നേഹ മിലനം നടത്തും. ഇതിന് വേണ്ടി എല്ലാവരേയും സ്നേഹത്തിന്റെ ചരടിൽ ബന്ധിച്ച് സമീപം കൊണ്ടുവരൂ, സഹയോഗിയാക്കൂ. ഈ സ്നേഹം തന്നെ കാന്തമാകും അതിലൂടെ എല്ലാവരും ഒരുമിച്ച് സംഘടിത രൂപത്തിൽ ബാബയുടെ സ്റ്റേജിലെത്തും. അതുകൊണ്ട് ഇപ്പോൾ അന്തിമ പ്രത്യക്ഷതയുടെ ഹീറോ പാർട്ടിൽ നിമിത്തമാകുന്നതിന്റെ സേവനം ചെയ്യൂ അപ്പോൾ പറയും സത്യമായ സേവാധാരി.

## സ്ലോഗൻ:- സേവനത്തിലൂടെ സർവ്വരുടേയും ആശീർവ്വാദങ്ങൾ പ്രാപ്തമാക്കുക - ഇത് മുന്നേറുന്നതിനുള്ള ലിഫ്റ്റാണ്.